വീടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ

215 (2417) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി ഉണ്ടായിട്ടും വീടില്ലാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാലര വർഷക്കാലമായിട്ടും പട്ടികവർഗ്ഗക്കാരുടെ ഭൂമിയുടേയും വീടിന്റെയും കാര്യത്തിൽ വേണ്ടത്ര പരിഗണന നൽകിയിട്ടില്ലെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് 2014-15 സാമ്പത്തിക വർഷം ശേഖരിച്ച കണക്ക് പ്രകാരം വീട് വയ്ക്കുവാൻ സ്ഥലസൗകര്യമുള്ള 30308 ഭവനരഹിത പട്ടികവർഗ്ഗക്കാരുള്ളതായി കണക്കാക്കിയിരുന്നു. നാളിതുവരെ വീടുകൾ ലഭിക്കാത്തവർക്കായി ഹഡ്കോ വായ്പാ തുക വിനിയോഗിച്ചും ഐ.എ.വൈ. പദ്ധതിയിൽപ്പെടുത്തിയും വീടുകൾ നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഭവന രഹിതർക്കായി 30106 വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും നൽകുന്നതിന്റെ ഭാഗമായി ഈ സർക്കാർ താഴെ പറയും പ്രകാരം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതി പ്രകാരം 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി 10 ലക്ഷം രൂപ നിരക്കിൽ 524 കുടുംബങ്ങൾക്ക് 183.9 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ആദിവാസി പുനരധിവാസ മിഷൻ മുഖേന ഭൂരഹിതരായ 777 പേർക്ക് 730.52 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 24898 പേർക്ക് 33073 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ ഭൂരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 450 പേർക്ക് 3 സെന്റ് ഭൂമി വീതവും പാലക്കാട്, മലപ്പുറം ജില്ലകളിൽ കെ.എസ്.റ്റി. ആക്ട് പ്രകാരം 785 കുടുംബങ്ങൾക്ക് 611.61 ഏക്കർ ഭൂമിയും അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം ഭവന രഹിതർക്കായി 30106 വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly